കേരള വനംവകുപ്പ്

നിലമ്പൂർ സൗത്ത് ഡിവിഷൻ

<u>ഇ–ദർഘാസ് പരസ്യം</u>

സി2-67592/2024 തീയതി:24.122024.

കേരള വനംവകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള (സർക്കാർ ഉത്തരവ് (എം.എസ്.) 26/2017/F&WLD തീയതി 20.05.2017, സർക്കാർ ഉത്തരവ് (ആർ.ടി.) 141/2021/F&WLD തീയതി 06.05.2021 പ്രകാരം) നിലവിൽ യോഗ്യരായ 'എ', 'ബി', 'സി', 'ഡി' ക്ലാസ് കോൺട്രാക്ടർമാരിൽ നിന്നും താഴെ പട്ടിക I-ൽ വിവരിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതിന് ഇ–ടെണ്ടർ മുഖേന ദർഘാസ് ക്ഷണിയ്ക്കുന്നു. ദർഘാസുകാർ വനംവകുപ്പിൽ നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതുമായ എല്ലാ നിബന്ധനകളും, ഇതരവ്യവസ്ഥകളും പാലിയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. ദർഘാസ് പ്രമാണങ്ങളും, ദർഘാസ് ഷെഡ്യൂളുകളും <u>www.etenders.kerala.gov.in</u> എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ എസ്.ബി.ഐ.യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ, മറ്റ് ബാങ്കുകളുടെ കാര്യത്തിൽ എൻ.ഇ.എഫ്.ടി. വഴിയോ ഓൺലൈൻ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ സമർപ്പിക്കാൻ <u>www.etenders.kerala.gov.in</u> എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു.

എല്ലാ ടെണ്ടർ പ്രമാണങ്ങളും <u>www.etenders.kerala.gov.in</u> എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ <u>www.etenders.kerala.gov.in</u> വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ടെണ്ടറിനോടൊപ്പം 200/- രൂപയുടെ കേരള സർക്കാരിന്റെ മുദ്രപത്രത്തിൽ തയ്യാറാക്കി ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ്, സ്കാൻ ചെയ്ത കോപ്പി ഓൺലൈനായി സമർപ്പിക്കാത്തതും അവയുടെ ഒറിജിനൽ

തുറക്കുന്നതിനുമുമ്പ് സമർപ്പിക്കാത്തതുമായ ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ഇ–ടെണ്ടറുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ എൻ.ഐ.സി.യിൽ നിന്നോ www.etenders.kerala.gov.in വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഹെൽപ്പ്ഡെസ്ക്കിൽ നിന്നോ, ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ–പേമെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാട് നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദ വിവരങ്ങളും, ഇ–മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാത് കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. കരാറുകാർക്ക് വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

വിജയി ആകുന്ന ദർഘാസുകാരൻ സർക്കാർ നിശ്ചയിച്ച തുകയ്ക്കുള്ള മുദ്രപത്രത്തിൽ ദർഘാസ് അംഗീകരിച്ച അറിയിപ്പ് തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ദർഘാസ് തുകയ്ക്കുള്ള പി.ഡബ്ലിയു.ഡി. വിഭാഗം അതാത് സമയങ്ങളിൽ നിശ്ചയിച്ചിട്ടുള്ള സെക്യൂരിറ്റി ഡിപ്പോസിറ്റ് സഹിതം ഉടമ്പടി വെയ്ക്കേണ്ടതാകുന്നു. ദർഘാസിനായി പരസ്യപ്പെടുത്തിയ തീയതി ഏതെങ്കിലും കാരണത്താൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും, സമയത്തും ദർഘാസ് നടത്തുന്നതായിരിക്കും. ദർഘാസിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയിൽ വിവരിയ്ക്കുന്നു.

പട്ടിക - I

| ക്രമ നമ്പർ | റെയ്ഞ്ച് | പ്രവൃത്തിയുടെ പേര് | അളവ് | പ്രവൃത്തി ചെയ്യുന്ന സ്ഥലം | അടങ്കൽ തുക (ലക്ഷം) |
|---|---|---|---|---|---|
| 1 | കാളികാവ് | ഫയർ പ്രൊട്ടക്ഷന്റെ ഭാഗമായി 10 മീറ്റർ വീതിയിൽ ഫയർ ബ്രേക്ക് പ്രവൃത്തി | 4 കി.മീറ്റർ | കരുവാരകുണ്ട് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന നെല്ലിക്കര മുതൽ ചെങ്കോട് വരെയുള്ള വന ഭാഗങ്ങൾ | 0.73 |
| 2 | കാളികാവ് | ഫയർ പ്രൊട്ടക്ഷന്റെ ഭാഗമായി ഫയർ ബ്രേക്ക് പ്രവൃത്തി | 13 ഹെക്ടർ | കരുവാരകുണ്ട് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന കൊടികുത്തിമല | 1.562 |

മേൽ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ളത് പ്രവൃത്തിയുടെ ഏകദേശ അളവ് ആകയാൽ ആയതിൽ മാറ്റം ഉണ്ടാകാവുന്നതാകുന്നു. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തപക്ഷം നിയമാനുസൃതമായ പിഴ ദർഘാസുകാരനിൽ നിന്നും വസൂലാക്കുന്നതിനുള്ള പൂർണ്ണ അധികാരം വനംവകുപ്പ്

ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. നിലവിലുള്ള ലേലവ്യവസ്ഥകൾ ഈ ദർഘാസിനും ബാധകമായിരിക്കും. ഈ ദർഘാസിലെ ഏതൊരു പ്രവൃത്തിയും മുന്നറിയിപ്പ് കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിയ്ക്കുന്ന അധികാരിയിൽ നിക്ഷിപ്തമാകുന്നു.

<u>പട്ടിക - II</u>

| ക്രമ നമ്പർ | ഫോറസ്റ്റ് സ്റ്റേഷൻ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) | നിരത ദ്രവ്യം (2.5%) | ദർഘാസ് ഫോറത്തിന്റെ വില |
|---|---|---|---|---|---|
| 1 | കരുവാരകുണ്ട് | ഫയർ പ്രൊട്ടക്ഷന്റെ ഭാഗമായി 10 മീറ്റർ വീതിയിൽ ഫയർ ബ്രേക്ക് പ്രവൃത്തി | 0.73 | 1835 | 500 |
| 2 | കരുവാരകുണ്ട | ഫയർ പ്രൊട്ടക്ഷന്റെ ഭാഗമായി 10 മീറ്റർ വീതിയിൽ ഫയർ ബ്രേക്ക് പ്രവൃത്തി | 1.562 | 3904 | 500 |

(ദർഘാസ് ഫോറ വിലയോടൊപ്പം നിയമപ്രകാരമുള്ള ജി.എസ്.ടി. അടവാക്കേണ്ടതാണ്).

ടെണ്ടർ ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി : 30.12.2024

ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും : 07.01.2025

ടെണ്ടർ തുറക്കുന്ന തീയതിയും സമയവും : 09.01.2025

കരാർ കാലാവധി : **ഉടമ്പടി തീയതി മുതൽ 20 ദിവസം**

07.01.2025 തീയതി 5.00 മണിയ്ക്ക് ടെണ്ടറുകൾ ലഭിക്കാതെ വന്നാൽ ടെണ്ടർ ലഭിക്കുന്ന തീയതിവരെ നീട്ടുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾ നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ (ഫോൺ: 04931 220392), കാളികാവ് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ (ഫോൺ: 04931 245720), കരുളായി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ (ഫോൺ: 04931 270296) പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

ധനിക്‌ലാൽ. ജി
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
നിലമ്പൂർ സൗത്ത് ഡിവിഷൻ &
വൈൽഡ്ലൈഫ് വാർഡൻ,
കരിമ്പുഴ വന്യജീവി സങ്കേതം.
(കേരള ഗവർണ്ണർക്കുവേണ്ടി).

കേരള വനംവകുപ്പ്

നിലമ്പൂർ സൗത്ത് ഡിവിഷൻ

## ദർഘാസ് നിബന്ധനകൾ

1. സർക്കാർ ഉത്തരവ് (എം.എസ്.) 226/81(എഫ്) തീയതി 16.12.1981, സർക്കാർ ഉത്തരവ് (എം.എസ്.) 26/2017/F&WLD തീയതി 20.05.2017, സർക്കാർ ഉത്തരവ് (ആർ.ടി.) 141/2021/F&WLD തീയതി 06.05.2021 എന്നിവ പ്രകാരം എന്നീ സർക്കാർ ഉത്തരവുകളിലെ എല്ലാ വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള ദർഘാസ് സംബന്ധിച്ച ഉത്തരവുകളിലെ വ്യവസ്ഥകൾക്കും കേരള ഫോറസ്റ്റ് ആക്ട് 1961, വന്യജീവി സംരക്ഷണ നിയമം 1972-ലെ വ്യവസ്ഥകൾക്കും ദർഘാസുകാരൻ വിധേയനായിരിക്കുന്നതാണ്.

2. ദർഘാസുകാർ വനംവകുപ്പിൽ നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതുമായ എന്നാ നിബന്ധനകളും, ഇതരവ്യവസ്ഥകളും പാലിയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. ദർഘാസ് പ്രമാണങ്ങളും, ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ എസ്.ബി.ഐ.യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ, മറ്റ് ബാങ്കുകളുടെ കാര്യത്തിൽ എൻ.ഇ.എഫ്.ടി. വഴിയോ ഓൺലൈൻ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ സമർപ്പിക്കാൻ www.etenders.kerala.gov.in എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു.

3. ഓൺലൈനായി സമർപ്പിക്കുന്ന എല്ലാ രേഖകളുടെയും അസ്സലുകൾ ഇ–ടെണ്ടർ തുറക്കുന്ന തീയതിക്കുമുൻപ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ (നിലമ്പൂർ സൗത്ത്) സ്പീഡ് പോസ്റ്റായി മാത്രം സമർപ്പിക്കേണ്ടതാണ്. ഇവ നേരിട്ട് സ്വീകരിക്കുന്നതല്ല. ഓൺലൈൻ ടെണ്ടറിനോടൊപ്പം 200/- രൂപയുടെ കേരള സർക്കാരിന്റെ മുദ്രപത്രത്തിൽ തയ്യാറാക്കി ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ്, സ്കാൻ ചെയ്ത കോപ്പി ഓൺലൈനായി സമർപ്പിക്കാത്തതും അവയുടെ ഒറിജിനൽ തുറക്കുന്നതിനുമുമ്പ് സമർപ്പിക്കാത്തതുമായ ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ഇ–ടെണ്ടറുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ എൻ.ഐ.സി.യിൽ നിന്നോ www.etenders.kerala.gov.in വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഹെൽപ്പ്ഡെസ്ക്കിൽ നിന്നോ, ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ–പേമെന്റിന് ആവശ്യമായ

വിവരങ്ങൾ (കരാറുകാരൻ ഇടപാട് നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദ വിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാത് കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. കരാറുകാർക്ക് വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

4. നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഹാജരായിട്ടുള്ള ദർഘാസുകാരുടെയോ അവരുടെ ചുമതലപ്പെടുത്തിയിട്ടുള്ള പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ ടെണ്ടർ തുറക്കുന്നതായിരിക്കും.

5. ദർഘാസ് സമർപ്പിക്കുന്നതിന് മുൻപായി ജോലി നടത്തേണ്ട സ്ഥലവും, ജോലിയുടെ സ്വഭാവവും പരിശോധിച്ച് മനസ്സിലാക്കുകയും ആയതിനനുസരിച്ച് നിരക്ക് രേഖപ്പെടുത്തേണ്ടതുമാണ്. ആയതിനുശേഷം ഒരു കാരണവശാലും നിരക്ക് വർദ്ധിപ്പിക്കുന്നതല്ല.

6. രേഖപ്പെടുത്തിയിട്ടുള്ള നിരക്ക്, ജോലി പൂർത്തിയാക്കാൻ കഴിയുന്നതിലും വളരെ കുറവാണെന്ന് വനംവകുപ്പ് കാണുന്നപക്ഷം ആയത് സംബന്ധിച്ച് ദർഘാസുകാരനിൽ നിന്നും തൃപ്തികരമായ വിശദീകരണം നൽകാൻ ആവശ്യപ്പെടുന്നതുമാണ്. ഇത്തരം സന്ദർഭത്തിൽ ദർഘാസ് അംഗീകരിക്കുന്നതിനു മുൻപായി രേഖപ്പെടുത്തിയിട്ടുള്ള നിരക്കിന്റെ അതാത് സമയങ്ങളിലെ പി.ഡബ്ലിയു.ഡി. വിഭാഗം നിശ്ചയിച്ചിട്ടുള്ള രൂപ പ്രത്യേക/അധിക സെക്യൂരിറ്റിയായി ഒടുക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. വിശദീകരണം തൃപ്തികരമല്ല എന്നു കാണുന്നപക്ഷം അഥവാ വിശദീകരണം നൽകിയിട്ടില്ലായെങ്കിൽ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നിരസിക്കുന്നതിനുള്ള അധികാരം വനം വകുപ്പിൽ നിക്ഷിപ്തമാണ്.

7. ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതോ, നിശ്ചിത തീയതിക്കും സമയത്തും ലഭിക്കാത്തതോ ആയ കവറുകൾ പരിഗണിക്കുന്നതല്ല (ഇ-ടെണ്ടറിൽ അപ്‌ലോഡ് ചെയ്യുന്ന രേഖകളുടെ അസ്സലുകൾ).

8. രേഖകളിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ദർഘാസുകാരൻ തന്നെ ഇനിഷ്യൽ ചെയ്തിരിക്കേണ്ടതാണ്.

9. ലഭിച്ചിട്ടുള്ള ദർഘാസുകൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ **09.01.2025 -ന്** പകൽ **11.00** മണിക്ക് അദ്ദേഹത്തിന്റെ ഓഫീസിൽ വച്ച് ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

10. സാധാരണഗതിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. പക്ഷേ തീരുമാനമെടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന് ഒരു കാരണവും പറയാതെ തന്നെ ദർഘാസ് സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരം ഉണ്ടായിരിക്കും.

11. ദർഘാസ് തുക രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് തുറന്ന് മൂന്ന് മാസത്തിനകം ഓഫർ പിൻവലിക്കുവാൻ ദർഘാസുകാരെ അനുവദിക്കുന്നതല്ല.

12. ആരുടെ ദർഘാസാണോ സ്വീകരിച്ചിട്ടുള്ളത്, ആ വിവരം വ്യക്തിയെ ദർഘാസിൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ രജിസ്റ്റേർഡ് കത്ത് മുഖാന്തിരം അറിയിക്കുന്നതാണ്. വിജയിയായ ദർഘാസുകാരൻ 15 ദിവസത്തിനകം ടിയാന്റെ ചെലവിൽ വാങ്ങിയിട്ടുള്ള നിയമാനുസൃതമുള്ള മുദ്രപത്രത്തിൽ ഒരു ഉടമ്പടി ഒപ്പുവയ്ക്കേണ്ടതാണ്. ദർഘാസുകാരൻ ഉടമ്പടി ഒപ്പുവയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ദർഘാസ് റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനംവകുപ്പിലേയ്ക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ആളിനെക്കൊണ്ട് ചെയ്യിക്കുന്നതുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിൽ കൂടി നടത്തുന്നതാണ്. ഇതിൽ വച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്നപക്ഷം ആയത് ആദ്യ ദർഘാസുകാരൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്ന ന്യായമായ സമയത്തിനുള്ളിൽ ഒടുക്കിയില്ലായെങ്കിൽ ആയത് പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും ആയത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്നപക്ഷം അതിൽ വീഴ്ചക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

13. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് കോൺട്രാക്ട് തുകയുടെ പി.ഡബ്ലിയു.ഡി. വിഭാഗം അതാത് സമയം നിശ്ചയിച്ചിട്ടുള്ള തുക സെക്യൂരിറ്റിയായി ഒടുക്കേണ്ടതാണ്. ജോലി പൂർത്തിയാക്കി, ബന്ധപ്പെട്ട ഓഫീസറിൽ നിന്നും ലഭ്യമാകുന്ന ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ സെക്യൂരിറ്റി വിടുതൽ ചെയ്യുകയുള്ളു.

14. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പുവയ്ക്കുന്ന സമയത്ത് സോൾവൻസി സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകൾ വിൽക്കുകയോ, പണയം വയ്ക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യില്ലെന്ന് ഒരു സമ്മതപത്രം നൽകേണ്ടതാണ്.

15. ദർഘാസ് ലഭിച്ചതിനുശേഷം ഒരു ജോലിയെ സംബന്ധിക്കുന്ന പോസ്റ്റ് ഓഫറുകളോ, പരാതികളോ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

16. ദർഘാസിൽ പങ്കെടുത്തിട്ടുള്ള വിജയികളാകാത്ത ദർഘാസുകാരുടെ നിരതദ്രവ്യം ടെണ്ടർ നടപടികൾ അവസാനിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്.

17. ദർഘാസിനോടൊപ്പമുള്ള ഷെഡ്യൂളിൽ പറയുന്ന അളവുകൾ ഏകദേശമായിരിക്കും. ജോലികൾ ചെയ്തു വരുമ്പോൾ അളവുകളിൽ വ്യത്യാസം വരാവുന്നതാണ്.

18. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള സ്ഥല വിസ്തൃതി ഏകദേശം മാത്രമാണ്. ദർഘാസ്കാരൻ സർവ്വേപ്രകാരമുള്ള യഥാർത്ഥ വിസ്തൃതിക്ക് ബാധ്യസ്ഥനാണ്.

19. ദർഘാസ് കാലയളവിൽ കോൺട്രാക്ടർ കളകൾ നീക്കം ചെയ്ത് തോട്ടങ്ങൾ സംരക്ഷിക്കേണ്ടതാണ്.

20. ജോലി പൂർത്തിയാക്കി നിശ്ചിത ഫോറത്തിലുള്ള ബില്ല് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ജോലി നിർവ്വഹണം തൃപ്തികരമെങ്കിൽ ബിൽതുക മാറി നൽകുന്നതാണ്. തുക നൽകുന്നത് ഇ–പെയ്മെന്റ് ആയി മാത്രമായിരിക്കും.

21. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന ജോലികളുടെ അളവിൽ സ്ഥലത്തിന്റെ പ്രത്യേകത അനുസരിച്ച് കുറവ് വരുത്താനോ ജോലി ക്യാൻസൽ ചെയ്യാനോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കും. ആയത് വിജയിയായ ദർഘാസുകാരന് ബാധകമായിരിക്കും. ദർഘാസ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ഐറ്റങ്ങൾ വ്യക്തമായ കാരണങ്ങളാൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ ആ ജോലി ചെയ്യുന്നതിന് വിജയിയായ ദർഘാസുകാരൻ ബാദ്ധ്യസ്ഥനായിരിക്കും. ആയതിന് നിലവിലുള്ള ഫോറസ്റ്റ് ഷെഡ്യൂൾ റേറ്റ് പ്രകാരം ക്വോട്ട് ചെയ്ത നിരക്ക് പ്രകാരം തുക മാറി നൽകുന്നതായിരിക്കും.

22. കോൺട്രാക്ടർ വാഗ്ദാനം ചെയ്തിട്ടുള്ള ടെണ്ടറുകൾ നടപ്പിലാക്കുന്നത് പ്രായോഗികമല്ലെന്ന് ബോധ്യപ്പെട്ടാൽ കോൺട്രാക്ട് സിസ്റ്റം അല്ലാത്ത മറ്റ് മാർഗ്ഗങ്ങളിലൂടെ നടപ്പിലാക്കുന്നതിനുള്ള അവകാശം കേരള വനം വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

23. ദർഘാസ് നടത്തുന്ന സമയത്ത് നിലവിലുള്ള എല്ലാ നികുതികളും ഈ ദർഘാസിനും ബാധകമായിരിക്കും.

24. കരാറുമായി ബന്ധപ്പെട്ട പ്രവൃത്തിയിൽ ഏതെങ്കിലും വർക്ക്മാൻ/മസ്ദൂർ എന്നിവർക്ക് വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് പ്രകാരം ഉണ്ടാവുന്ന നഷ്ടങ്ങൾക്ക് കോൺട്രാക്ടർ മാത്രമായിരിക്കും ഉത്തരവാദി.

**കൂടുതൽ വിവരങ്ങൾ നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും (ഫോൺ: 04931 220392) പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.**

ധനിക്‌ലാൽ. ജി
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
നിലമ്പൂർ സൗത്ത് ഡിവിഷൻ &
വൈൽഡ്ലൈഫ് വാർഡൻ,
കരിമ്പുഴ വന്യജീവി സങ്കേതം.
(കേരള ഗവർണ്ണർക്കുവേണ്ടി).